# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3434** **14.10.2011 ൽ മറുപടിയ്ക്ക്**

### കാട്ടാന ശല്യം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ മണ്ഡലത്തിലെ കാട്ടാന ശല്യം രൂക്ഷമായ സുഗന്ധഗിരി, തരിയോട്, പൊഴുതന തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്ത മാക്കുമോ; | (എ) കൽപ്പറ്റ മണ്ഡലത്തിലെ കാട്ടാനശല്യം രൂക്ഷമായ സുഗന്ധഗിരി, തരിയോട്, പൊഴുതന തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി തരിയോട് 8-ാം മൈലിൽ 4 കിലോമീറ്റർ ദൂരത്തിൽ വൈദ്യുതി കമ്പിവേലി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കറുകൻതോട് ഭാഗത്ത് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 5 കിലോമീറ്റർ ദൂരത്തിൽ വൈദ്യുത കമ്പിവേലി സ്ഥാപിച്ചിട്ടുണ്ട്. ആനശല്യം രൂക്ഷമായ സമയങ്ങളിൽ കറുകൻതോട്, അംബ ഭാഗങ്ങളിൽ 8 വാച്ചർമാരെ 2 മാസത്തോളം ആനയെ ഓടിക്കുന്ന തിനായി നിയോഗിച്ചിരുന്നു. കൂടാതെ റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ബ്രൈറ്റ് ലൈറ്റ് ടോർച്ചുകൾ അംബ, കറുകൻതോട് പ്രദേശങ്ങളിലെ ജനങ്ങൾക്ക് നൽകി യിട്ടുണ്ട്. ആനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സ്ഥിരമായ രാത്രികാല പട്രോളിംഗ് നടത്തി മുഴുവൻ സമയ പ്രവർത്തനങ്ങളോടുകൂടിയ എമർജൻസി സെല്ലും ആരംഭിച്ചിട്ടുണ്ട്. പടക്കവും മറ്റു വന്യജീവികളുടെ ശബ്ദമുണ്ടാക്കുന്ന യന്ത്രവും ഉപയോഗിച്ച് ആനയെ തുരത്താൻ സാധിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത പ്രദേശങ്ങളിലെ കാട്ടാന ശല്യം തടയുവാൻ വൈദ്യുത കമ്പിവേലി നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) കാട്ടാനശല്യം തടയുന്നതിനായി 30 ഏക്കർ- അംബ(5 കിലോമീറ്റർ), പാറത്തോട്-മേൽമുറി (6 കിലോമീറ്റർ) ഉതിരംചേരി-ആല (3 കിലോമീറ്റർ) തരിയോട് പത്താംമൈൽ-പാറത്തോട് (4 കിലോമീറ്റർ) എന്നീ പ്രദേശങ്ങളിൽ വൈദ്യുതി കമ്പിവേലി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർന്നുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) വനാതിർത്തിയിൽ താമസിക്കുന്ന കർഷകരുടെ വിളകൾക്ക് വനം വകുപ്പ് മുഖേന ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) } പരിഗണനയിലില്ല. |
| (ഡി) കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) } |

സെക്ഷൻ ഓഫീസർ